**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4328** **18-07-2022 - ൽ മറുപടിയ്ക്ക്**

**മൈലാട്ടിയിൽ സൗരോർജ്ജ നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന **പി.എം. കുസും** പദ്ധതിയുടെ (കംപോണന്റ്-സി, പാർട്ട്-II) ഫീഡർതല സൗരോർജ്ജവൽക്കരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 21 ഇടങ്ങളിലായി ആകെ 11 MW സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 20.04.2022 ൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ കാസർഗോഡ് ജില്ലയുടെ മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്തു 1 .5 മെഗാ വാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 30.05.2022 ൽ ടെൻഡർ തുറന്നു. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന **പി.എം. കുസും** പദ്ധതിയുടെ (കംപോണന്റ്-സി, പാർട്ട്-II) ഫീഡർതല സൗരോർജ്ജവൽക്കരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 21 ഇടങ്ങളിലായി ആകെ 11 MW സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 20.04.2022 ൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ കാസർഗോഡ് ജില്ലയുടെ മൈലാട്ടി 220 കെ.വി. സബ്സ്റ്റേഷൻ പരിസരത്തു 1 .5 മെഗാ വാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 30.05.2022 ൽ ടെൻഡർ തുറന്നു. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ